**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5893** **25-03-2025 - ൽ മറുപടിയ്ക്ക്**

**വ്യാവസായികാവശ്യത്തിനായി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായികാവശ്യത്തിന് വേണ്ടി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി ഉപയോഗപ്പെടുത്താതെ വെറുതെയിട്ടാൽ ആയത് നിയമപരമായി തിരിച്ചെടുക്കുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | വ്യാവസായികാവശ്യത്തിന് വേണ്ടി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി ഉപയോഗപ്പെടുത്താതെ വെറുതെയിട്ടാൽ ആയത് നിയമപരമായി തിരിച്ചെടുക്കുന്നതിന് വ്യവസ്ഥയുണ്ട്. സർക്കാർ ഏറ്റെടുക്കുന്ന ഭൂമി ഒരു സ്ഥാപനത്തിന് വ്യവസായ ആവശ്യത്തിന് അനുവദിക്കുന്നത് ഒരു എഗ്രിമെന്റ് പ്രകാരമാണ്. സ്ഥാപനം പ്രവർത്തന രഹിതമായാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കും എന്ന് എഗ്രിമെന്റിൽ കർശന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കും. |
| (ബി) | മാവൂർ ഗ്വാളിയാർ റയൺസിന് വ്യവസായ ആവശ്യത്തിനായി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി പതിറ്റാണ്ടുകളായി ഉപയോഗപ്പെടുത്താതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ ഹൈക്കോടതിയിലുള്ള കേസ് അനന്തമായി നീണ്ടുപോവുന്നതിന് പിറകിലുള്ള സാഹചര്യം സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഈ വിഷയത്തിൽ ഹൈക്കോടതിയിലുള്ള കേസ് അനന്തമായി നീണ്ടുപോവുന്നതിന് പിറകിലുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി നേരിട്ട് കൂടികാഴ്ച നടത്തി കേസ് തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേസ് തീർപ്പാക്കുന്നതിനായി ജില്ലാ കലക്ടർ 04/02/2025-നും അഡ്വക്കേറ്റ് ജനറലിന് അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ